മറ്റ് രീതിയിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ജി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട

200 (4486) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റി 273 -ൽ പരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 154 പദ്ധതികൾ മിഷൻ 676 - ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഈ 154 പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തെ 83 ലക്ഷം ജനങ്ങൾക്ക് കൂടി അധികമായി ശുദ്ധജലം എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു; സ്ഥലത്തിന്റെയും സ്രോതസ്സിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് 2030 ഓടെ എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലം എത്തിക്കുവാൻ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു.

ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ സുതാര്യവും വേഗത്തിലും ആക്കുന്നതിനായി ഇ - ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും പദ്ധതികളുടെ പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളുമായി ആലോചിച്ച് അവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഇപ്പോൾ ശ്രുപം നൽകിയിട്ടുള്ള പൈപ്പ് പോളിസിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി പഴകിയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുവഴി നിരന്തരമുള്ള പൈപ്പ്പൊട്ടൽ, ചോർച്ച മൂലമുള്ള ജലനഷ്ടം പരിഹരിക്കുവാനും ശുദ്ധജലവിതരണം കൂടുതൽ മെച്ചപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചും, പഴയതും ഉപയോഗശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ചും ശുദ്ധജലവിതരണം സുഗമമാക്കുന്നതാണ്. ജല അതോറിറ്റിയുടെ സേവനം ജനങ്ങളിലേയ്ക്ക് ഏറ്റവും സൗകര്യമായ രീതിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ പോസ്റ്റ് ഓഫീസ്, ബാങ്ക്, ജനസേവന, അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം പണമടയ്ക്കാനുള്ള സൗകര്യം കൂടുതൽ വ്യാപിപ്പിക്കുന്നതും വിപുലീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സെക്ഷൻ ഓഫീസിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കണക്ഷനുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

ജലവിതരണവും സ്വീവറേജും സംബന്ധിച്ച് പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി നിലവിലുള്ള ടോൾഫ്രീ നമ്പർ സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതാണ്.

തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

201(4487) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുന്നംകുളം നിയോജകമണ്ഡലം, വാട്ടർ അതോറിറ്റിയുടെ കുന്നംകുളം- ഗുരുവായൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള പാറേമ്പാടം മുതൽ കുന്നകുളം YMCA വരെയുള്ള റോഡിനടിയിലെ കാലപഴക്കം ചെന്ന പ്രീമോ പൈപ്പ് മാറ്റി ഇടുന്നതിന് ജലവിഭവ വകുപ്പ് നൽകിയ 3.16 കോടി രൂപയുടെ ഭരണാനുമതിയ്ക്കുശേഷം, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്;

(ബി) കാലപഴക്കത്താലും, ഹെവി ട്രാഫിക്ക് മൂലവും റോഡിനടിയിലെ പൈപ്പ് പൊട്ടി ശുദ്ധജലക്ഷാമവും, റോഡ് തകർന്ന് ഗതാഗത തടസ്സവും, അപകടങ്ങളും ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നത് കണക്കിലെടുത്ത് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുന്നംകുളം-ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതിയുടെ കാലപ്പഴക്കം മൂലം കേടുവന്ന 2560 മീറ്റർ പ്രീമോ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനുള്ള വർക്കിംഗ് എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

2015 മേയ് മാസത്തിനുമുമ്പ് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് നടപടി സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly